16

നവംബർ 2020

തിങ്കൾ

1196 വൃശ്ചികം 1 1442 റ. അവ്വൽ 30

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 221 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

മൂവാരികുണ്ടിൽ സി പി എം-ബി ജെ പി സംഘർഷം; മൂന്നുപേർക്ക് പരിക്ക്

കാഞ്ഞങ്ങാട്: പഞ്ചായത്ത് തെരഞ്ഞെടുപ്പ് രംഗം ചൂടുപിടിച്ചു തുടങ്ങിയതിന് പിന്നാലെ കാഞ്ഞങ്ങാട്, മൂവാരികുണ്ടിൽ സി പി എം-ബി ജെ പി സംഘർഷം. വെട്ടുംകുത്തുമേറ്റ നിലയിൽ മൂന്നുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി ഏഴര മണിയോടെ കുറുന്തൂർ റെഡ്സ്റ്റാർ സമീപത്താണ് സംഘർഷത്തിന് തുടക്കം. ബി ജെ പി പ്രവർത്തകരായ മൂവാരികുണ്ടിലെ വൈശാഖ് (21), ശ്രീജിത്ത് (34) എന്നിവരെ മാവുങ്കാലിലെ സ്വകാര്യ ആശുപത്രിയിലും സി പി എം കുറുന്തൂർ ഏരിയാ കമ്മിറ്റി അംഗം പി സുകുമാരനെ (58)നെ നീലേശ്വരം തേജസ്വിനി സഹകരണ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി ഏഴര മണിയോടെ തുടക്കം. ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന ബി ജെ പി പ്രവർത്തകരെ റെഡ് സ്റ്റാർ ക്ലബ്ബിന് സമീപത്ത് വെച്ച് തടഞ്ഞു നിർത്തി സി പി എം പ്രവർത്തകർ ആക്രമിക്കുകയായിരുന്നുവെന്ന് ബി ജെ പി ആരോപിച്ചു. സി പി എം പ്രവർത്തകരായ ഋതിക് ഇരുമ്പൈപ്പ്, പഞ്ച് എന്നിവ ഉപയോഗിച്ചാണ് ആക്രമിച്ചതെന്ന് കൂട്ടിച്ചേർത്തു. ഇതിന്റെ തുടർച്ചയാണ് സി പി എം ഏരിയാ കമ്മിറ്റി അംഗമായ സുകുമാരന് നേരെ അക്രമം ഉണ്ടായത്. ആദ്യത്തെ അക്രമ സംഭവത്തിൽ ഉണ്ടായിരുന്നതായി ബി ജെ പി ആരോപിക്കുന്ന ഋതിക്കിന്റെ പിതാവാണ് സുകുമാരൻ. ഋതിക്കിനെ തേടി വീട്ടിലെത്തിയ ബി ജെ പി പ്രവർത്തകർ സുകുമാരനെ വെട്ടിപരിക്കേൽപ്പിക്കുകയായിരുന്നുവെന്ന് സി പി എം ആരോപിച്ചു. ബി ജെ പി പ്രവർത്തകനായ വൈശാഖിന്റെ പരാതിയിൽ ഡി വൈ എഫ് ഐ പ്രവർത്തകരായ ഋതിക്, ജിതിൻ ലാൽ, ഹരികൃഷ്ണൻ എന്നിവർക്കും സുകുമാരന്റെ പരാതിയിൽ ബി ജെ പി പ്രവർത്തകരായ സച്ചിൻ, കണ്ടാൽ അറിയാവുന്ന മറ്റൊരാൾ എന്നിവർക്കെതിരെയും ഹൊസ്ദുർഗ്ഗ് പൊലീസ് വധശ്രമത്തിന് കേസെടുത്തു.

പരിക്കേറ്റ സുകുമാരൻ

പരിക്കേറ്റ വൈശാഖ്

മേൽപറമ്പിൽ പൊലീസിന് നേരെ അക്രമം; ഇൻസ്പെക്ടർ ഉൾപ്പെടെ മൂന്നുപേർക്ക് പരിക്ക്

മേൽപറമ്പ്: മേൽപറമ്പ് ടൗണിൽ പട്രോളിംഗ് നടത്തുകയായിരുന്ന പൊലീസ് സംഘത്തിന് നേരെ അക്രമം. മേൽപറമ്പ് പൊലീസ് ഇൻസ്പെക്ടർ ബെന്നിലാൽ, എസ് ഐ ബിജു, സിവിൽ പൊലീസ് ഓഫീസർ എ വിഷാനു എന്നിവർക്ക് പരിക്കേറ്റു. ഇവർ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി. സംഭവത്തിൽ ഒരാളെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ വൈകുന്നേരം ആറു മണിയോടെ മേൽപറമ്പ് ടൗണിലാണ് സംഭവം. അക്രമ സംഭവത്തെക്കുറിച്ച് പൊലീസ് പറയുന്നത് ഇങ്ങനെ-"ഇൻസ്പെക്ടർ ബെന്നിലാലിന്റെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുകയായിരുന്നു പൊലീസ് സംഘം. ഇതിനിടയിലാണ് നിരവധി പേർ സ്ഥലത്ത് കൂട്ടം കൂടി നിൽക്കുന്നത് കണ്ടത്. പരിഭ്രാന്തി പോകാൻ ആവശ്യപ്പെട്ടപ്പോൾ ചിലർ മാറിപ്പോയെങ്കിലും ഏതാനും പേരും അവിടെ തന്നെ നിന്നു. ഇതിനിടയിൽ ഒരാൾ പൊലീസ് വാഹനത്തിന്റെ താക്കോൽ ഊരിയെടുത്തു. ഇയാളെ പിടികൂടാനുള്ള ശ്രമത്തിനിടയിലാണ് പൊലീസുകാർക്ക് നേരെ കയ്യേറ്റം ഉണ്ടായത്. വിവരമറിഞ്ഞ് ഡിവൈ എസ് പിയുടെ നേതൃത്വത്തിൽ കൂടുതൽ പൊലീസ് സ്ഥലത്തെത്തുന്നതിനിടയിൽ അക്രമികൾ ഓടിപ്പോയെങ്കിലും ഒരാളെ കയ്യോടെ പിടികൂടി. ഏറെ നേരം കഴിഞ്ഞ് പൊലീസ് വാഹനത്തിന്റെ താക്കോൽ സ്ഥലത്ത് ഉപേക്ഷിച്ച നിലയിൽ കാണപ്പെട്ടു."

അക്രമ സംഭവത്തിൽ കണ്ടാൽ അറിയാവുന്ന ഒരു സംഘം ആൾക്കാർക്കെതിരെ പൊലീസിന്റെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിനും സഞ്ചാര സ്വാതന്ത്ര്യം തടഞ്ഞതിനും മേൽപറമ്പ് പൊലീസ് കേസെടുത്തു.

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മേൽപറമ്പ് പൊലീസ് ശക്തമായ ഇടപെടലാണ് നടത്തുന്നത്. മികച്ച പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജില്ലയിൽ ഡി ജി പിയുടെ കോവിഡ് പ്രതിരോധ പോരാളിക്കുള്ള ബഹുമതി കാസർകോട് ജില്ലയിൽ ലഭിച്ച ഏക പൊലീസ് ഉദ്യോഗസ്ഥനാണ് ഇൻസ്പെക്ടർ ബെന്നിലാൽ.

ഒരാൾ പിടിയിൽ

മേൽപറമ്പിൽ ഇന്നലെ വൈകിട്ടുണ്ടായ സംഘർഷം

സീറ്റു തർക്കം; സ്ഥാനാർത്ഥി ചിത്രം തെളിഞ്ഞില്ല

ജില്ലാ പഞ്ചായത്ത്: ലീഗിലെ പ്രശ്നം തീർക്കാൻ ചർച്ച തുടങ്ങി

കാസർകോട്: ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പ് പത്രികാ സമർപ്പണത്തിനു മൂന്നു ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ സ്ഥാനാർത്ഥി ചിത്രം തെളിഞ്ഞില്ല. ഏവരും ഉറ്റുനോക്കുന്ന കാസർകോട് ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതു -വലതു മുന്നണികൾ സീറ്റു ധാരണയായെങ്കിലും സ്ഥാനാർത്ഥി ധാരണ ആയിട്ടില്ല. സി പി എം സ്ഥാനാർത്ഥികളെ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഘടക കക്ഷികളായ സി പി ഐ, എൽ ജെ ഡി, കേരള കോൺഗ്രസ് (എം) എന്നിവർ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചിട്ടില്ല. സി പി ഐ മത്സരിക്കുന്ന മൂന്നു സീറ്റുകളും വനിതാ സംവരണമാണ്. സീറ്റു വച്ചു മാറാനുള്ള സി പി ഐ ശ്രമം ലക്ഷ്യം കണ്ടില്ല. സ്ഥാനാർത്ഥി നിർണ്ണയത്തിനായി സി പി ഐ ഇന്നു യോഗം ചേരും. യു ഡി എഫിൽ ലീഗിനകത്താണ് ജില്ലാ ഡിവിഷൻ സ്ഥാനാർത്ഥികൾ തീരുമാനമാകാതെ തുടരുന്നത്.

മഞ്ചേശ്വരം, കുമ്പള, ചെങ്കള, ദേലംപാടി, പെരിയ, ചെറുവത്തൂർ, എടനീർ ഡിവിഷനുകളാണ് മുസ്ലീം ലീഗിന്. ഇതിൽ മഞ്ചേശ്വരത്തും ചെങ്കളയിലുമാണ് സ്ഥാനാർത്ഥി തർക്കം രൂക്ഷമായി തുടരുന്നത്. രണ്ടു ഡിവിഷനുകളിലും രണ്ടിലധികം പേർ മത്സര രംഗത്തുള്ളത്.

തർക്കം പരിഹരിക്കുന്നതിനു പാർലമെന്ററി ബോർഡ് അംഗങ്ങളായ യൂത്ത് ലീഗ് നേതാവ് സി കെ സുബൈർ, മുസ്ലീംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുൽ റഹ്മാൻ കല്ലായി എന്നിവരുടെ സാന്നിധ്യത്തിൽ ചർച്ച ആരംഭിച്ചു. ഇന്നു വൈകുന്നേരത്തോടെ അന്തിമ തീരുമാനം ഉണ്ടാകും. അതേ സമയം മൂന്നു തവണ മത്സരിച്ചു ജയിച്ചവർ ആരായാലും അത്തരക്കാർക്ക് ഇത്തവണ സീറ്റ് നൽകേണ്ടതില്ലെന്നു സംസ്ഥാന നേതൃത്വം തീരുമാനിച്ചു. ഇതു ജില്ലയിലെ പ്രമുഖരായ പല ലീഗു നേതാക്കൾക്കും തിരിച്ചടിയായി. ഇരു മുന്നണികളിലും ഗ്രാമ പഞ്ചായത്തു തലങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാനാർത്ഥികളെ തീരുമാനിക്കാനുള്ള ചർച്ചകൾ തുടരുന്നു.

ചെങ്കളയിൽ കല്ലുകെട്ട് മേസ്ത്രിയെ തലക്കടിച്ചുകൊന്നു; സുഹൃത്ത് കസ്റ്റഡിയിൽ

കാസർകോട്: കുടുംബ പ്രശ്നങ്ങളെ തുടർന്ന് 11 വർഷം മുമ്പ് കാസർകോട്ടേക്ക് നാടുവിട്ട കൽപ്പണിക്കാരൻ തലക്കടിയേറ്റ് മരിച്ചു. തിരുവനന്തപുരം, കണിയാപുരം സ്വദേശിയും ചെങ്കള, സന്തോഷ് നഗറിലെ വാടക മുറിയിൽ താമസക്കാരനുമായ വിജയൻ (50) ആണ് കൊല്ലപ്പെട്ടത്. ഇന്നലെ രാത്രി ഏഴു മണിയോടെയാണ് കൊലപാതകം. സംഭവവുമായി ബന്ധപ്പെട്ട് തമിഴ്നാട് തഞ്ചാവൂർ സ്വദേശി മരുക(50)നെ വിദ്യാനഗർ പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുന്നു. മികച്ച കൽപ്പണിക്കാരനായിരുന്നു വിജയൻ. ഇയാളുടെ ഭാര്യ മറ്റൊരാളുടെ കൂടെ ഒളിച്ചോടിയതോടെ മകനെയും കൂട്ടി ഒന്നിച്ചായിരുന്നു താമസം. പിന്നീട് മകനുമായി ഒത്തുപോകാൻ കഴിയാതെ വന്നതോടെ കാസർകോട്ടേക്ക് നാടുവിടുകയായിരുന്നുവെന്ന് സുഹൃത്തുക്കൾ പറയുന്നു. ആദ്യം പെരിയയിലെത്തി വർഷങ്ങളോളം അവിടെ കാർട്ടേഴ്സിൽ താമസിച്ച് ജോലി ചെയ്തു. മൂന്ന് വർഷം മുമ്പാണ് ചെങ്കളയിലേയ്ക്ക് താമസം മാറിയത്.

വിജയന്റെ മൃതദേഹം മോർച്ചറിയിൽ

നന്നായി മദ്യപിക്കുന്ന സ്വഭാവക്കാരനാണ് വിജയനെന്ന് പൊലീസ് പറഞ്ഞു. ഇന്നലെ രാത്രി ഏഴു മണിയോടെ മദ്യലഹരിയിലായിരുന്നു വിജയൻ. ഇതിനിടയിൽ തൊട്ടടുത്ത മുറിയിൽ താമസിക്കുന്ന തമിഴ്നാട് സ്വദേശി മുരുകനുമായി വാക്കുതർക്കം ഉണ്ടാവുകയായിരുന്നു വെന്ന് പൊലീസ് പറഞ്ഞു. വിജയൻ തലയിൽ ആഴത്തിൽ മുറിവേറ്റ നിലയിൽ വീണതോടെയാണ് സംഭവം നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുന്നത്.

ഇതിനിടയിൽ സ്ഥലത്ത് നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച മുരുകനെ നാട്ടുകാർ പിടികൂടുകയായിരുന്നു. തലയിൽ ഉണ്ടായ ആഴത്തിലുള്ള മുറിവാണ് മരണ കാരണമായതെന്ന് പൊലീസ് പറഞ്ഞു. ഈ മുറിവ് എങ്ങനെ ഉണ്ടായതെന്ന് അറിയാൻ പൊലീസ് ഫോറൻസിക് വിദഗ്ധരെ എത്തിച്ച് പരിശോധന നടത്തി.

ഏതെങ്കിലും ആയുധം കൊണ്ടാണോ, തല നിലത്ത് ഇടിച്ചതുകൊണ്ടാണോ മുറിവ് ഉണ്ടായതെന്ന് സ്ഥിരീകരിക്കുന്നതിനാണിത്.

ബിഹാറിൽ നിതീഷിന്റെ സത്യപ്രതിജ്ഞ ഇന്ന്

ന്യൂഡൽഹി: ബിഹാറിൽ മുഖ്യമന്ത്രിയായി നിതീഷ് കുമാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് 4.30ന് രാജ്ഭവനിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചാകും സത്യപ്രതിജ്ഞ. സത്യപ്രതിജ്ഞാ ചടങ്ങിൽ ആഭ്യന്തര മന്ത്രി അമിത്ഷാ, ബി ജെ പി അധ്യക്ഷൻ ജെ പി നദ്ദയടക്കമുള്ള നേതാക്കളും പങ്കെടുക്കും. അതേ സമയം ഉപമുഖ്യമന്ത്രി പദത്തിലും വകുപ്പ് വിഭജനത്തിലും ബി ജെ പിയിൽ ആശയക്കുഴപ്പം തുടരുകയാണ്.

ഹൃദയാഘാതം: കാഞ്ഞങ്ങാട് സബ്ബ് ട്രഷറി സീനിയർ അക്കൗണ്ടന്റ് മരിച്ചു

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് സബ്ബ് ട്രഷറി സീനിയർ അക്കൗണ്ടന്റ് ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. പുച്ചക്കാട് കിഴക്കേക്കര കുണ്ടുവളപ്പിൽ രവികുമാർ (45) ആണ് മരിച്ചത്. പരേതനായ കുഞ്ഞിരാമന്റെയും കല്ല്യാണിയുടെയും മകനാണ്. ഭാര്യ: സീന .നാല് വയസുള്ള റൊനിത്ത് ഏകമകൻ. സഹോദരങ്ങൾ: ശശികല, വൽസല, രാജൻ ,രാമചന്ദ്രൻ (ഇരുവരും ദുബൈ) , ഉണ്ണികൃഷ്ണൻ, സതി, സുരേന്ദ്രൻ.

ശബരിമലയിൽ മണ്ഡല- മകര വിളക്ക് തീർത്ഥാടനത്തിന് തുടക്കമായി

മണ്ഡലം ഉത്സവത്തിനായി ശബരിമല നട തുറന്നപ്പോൾ

ശബരിമല: ശബരിമലയിൽ മണ്ഡല- മകര വിളക്ക് തീർത്ഥാടനത്തിന് തുടക്കമായി. സന്നിധാനത്തും മാളികപ്പുറത്തും പുതുതായി സ്ഥാനമേറ്റ മേൽശാന്തിമാർ ശ്രീകോവിൽ തുറന്ന് ദീപം തെളിച്ചു.ഇന്നലെ വൈകിട്ടാണ് മണ്ഡലകാലത്തിന് തുടക്കം കുറിച്ച് അയ്യപ്പ ക്ഷേത്ര നട തുറന്നത്. സ്ഥാനമൊഴിഞ്ഞ മേൽശാന്തി എ കെ സുധീർ നമ്പൂതിരിയാണ് നട തുറന്നത്. ഈ സമയം പുതിയ മേൽശാന്തിമാരെ അനുഗമിച്ചെത്തിയവരും ദേവസ്വം ജീവനക്കാരും പൊലീസ് ഉദ്യോഗസ്ഥരും മാത്രമാണ് ദർശനത്തിനുണ്ടായിരുന്നത്.ഇന്ന് പുലർച്ചെ മുതലാണ് ഭക്തരെ കടത്തിവിടാൻ തുടങ്ങിയത്. വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്തവർക്ക് മാത്രമാണ് അവസരം. തൃശൂർ കൊടുങ്ങല്ലൂർ പൂപ്പത്തി പൊയ്യ വാരിക്കാട്ട് മഠത്തിൽ വി കെ ജയരാജ് പോറ്റി ശബരിമലയിലും അങ്കമാലി വേങ്ങൂർ മൈലക്കോട്ടത്ത് മനയിൽ എം എൻ രജികുമാർ എന്ന ജനാർദ്ദനൻ നമ്പൂതിരി മാളികപ്പുറത്തും പുതിയ മേൽശാന്തിമാരായി സ്ഥാനമേറ്റു. ഡിസംബർ 26നാണ് മണ്ഡലപൂജ. അന്നു രാത്രി 10ന് നട അടക്കും. മകരവിളക്ക് പൂജകൾക്കായി ഡിസംബർ 30ന് വീണ്ടും നട തുറക്കും. ജനുവരി 14നാണ് മകരവിളക്ക്.

വീടു പണിയുടെ കൂലി നൽകിയില്ല; വീട്ടുടമയ്ക്കെതിരെ വഞ്ചനാ കേസ്

ബേഡകം: ചെയ്ത ജോലിക്ക് കൂലി നൽകിയില്ലെന്ന പരാതിയിൽ വീട്ടുടമയ്ക്കെതിരെ ബേഡകം പൊലീസ് കേസെടുത്തു. ഉത്തർപ്രദേശ് സ്വദേശി മനീഷ് കുമാറിന്റെ പരാതിയിൽ ബന്തടുക്ക, ഏണിയാണി സ്വദേശി അബ്ദുൽ ഹമീദ് എം ടി (47)ക്കെതിരെയാണ് ബേഡകം പൊലീസ് വഞ്ചനാക്കുറ്റത്തിനു കേസെടുത്തു. 3500 സ്ക്വയർഫീറ്റ് വീട്ടിൽ ഗ്രാനൈറ്റ് പതിപ്പിക്കുന്നതിനുള്ള കരാറാണ് മനീഷിനു നൽകിയത്. മൂന്നുലക്ഷമാണ് കരാർ തുകയെന്നും ഇതിൽ നിന്നു ഒരു ലക്ഷം രൂപ മാത്രമേ നൽകിയുള്ളൂവെന്നും ബാക്കി തുക നൽകിയില്ലെന്നും കാണിച്ചാണ് പരാതിക്കാരൻ പൊലീസിനെ സമീപിച്ചത്.

യുവാവ് വീട്ടിനകത്ത് തൂങ്ങി മരിച്ച നിലയിൽ

കാസർകോട്: യുവാവിനെ വീട്ടിനകത്ത് തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. പാലക്കുന്ന് ആറാട്ട്കടവ് കുന്നുമ്മലിലെ കെ ബാബു (40)വിനെയാണ് ഇന്ന് രാവിലെ വീട്ടിനകത്ത് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്.ഈ സമയം വീട്ടിൽ ആരുമുണ്ടായിരുന്നില്ല. ബന്ധുവീട്ടിൽ പോയ ഭാര്യയും മക്കളും തിരിച്ചെത്തിയപ്പോഴാണ് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്. മൃതദേഹം കാസർകോട് ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. നേരത്തെ ഗൾഫിലായിരുന്ന ബാബു നാട്ടിലെത്തി പൊയിനാച്ചിയിലെ ഇന്റർലോക്ക് കമ്പനിയിൽ ജോലി ചെയ്തു വരികയായിരുന്നു. കോരൻ-കൗസല്യ ദമ്പതികളുടെ മകനാണ്. ഭാര്യ: ബിന്ദു. മക്കൾ:ശ്രീലക്ഷ്മി, ദീപക്. സഹോദരങ്ങൾ: രവി, അനിൽ, ജയന്തി, ബിന്ദു, സുനിത, നിഷ.

ഹോട്ടൽ തൊഴിലാളിയെ കൊലപ്പെടുത്തിയത് ശ്വാസം മുട്ടിച്ച്; ഭാര്യയും കാമുകനും അറസ്റ്റിൽ

മഞ്ചേശ്വരം: കർണ്ണാടക സ്വദേശിയായ ഹോട്ടൽ തൊഴിലാളിയെ ഭാര്യയും കാമുകനും ചേർന്ന് ശ്വാസം മുട്ടിച്ചു കൊലപ്പെടുത്തിയതാണെന്നു തെളിഞ്ഞു. സംഭവത്തിൽ ഭാര്യയും കാമുകനും അറസ്റ്റിലായി.

തലപ്പാടി ദേവിപുരം ബജങ്കരയിൽ താമസിക്കുന്ന കർണ്ണാടക ഗജേന്ദ്ര ഗഡ രാംപുര സ്വദേശി ഹനുമന്ത (36)യാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ഭാര്യ ബൽഗാവ്, റായി ബാഗിലെ ഭാഗ്യശ്രീ (25), കാമുകൻ കർണ്ണാടക രാമപുര ഗതകിലെ അള്ളാസാബ്(23) എന്നിവരെയാണ് മഞ്ചേശ്വരം ഇൻസ്പെക്ടർ കെ പി ഷൈനിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയതത്.

ഈ മാസം ഏഴിന് രാവിലെയാണ് ഹനുമന്തയെ കുഞ്ചത്തൂർ പദവ് റോഡരുകിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. സമീപത്ത് തന്നെ ഒരു സ്കൂട്ടറും മറിഞ്ഞ് കിടന്നിരുന്നു. അപകടമരണമാണെന്നാണ് ആദ്യം കരുതിയത്. എന്നാൽ സംശയം തോന്നിയതിനെ തുടർന്ന് പരിയാരം ഗവ. മെഡിക്കൽ കോളേജിൽ നടത്തിയ വിദഗ്ദ്ധ പോസ്റ്റുമോർട്ടത്തിലാണ് കൊലപാതകമാണെന്ന് തെളിഞ്ഞത്. കഴുത്ത് ഞെരിച്ച് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയെന്നായിരുന്നു പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

അന്വേഷണം ആരംഭിച്ച പൊലീസ് ഭാര്യ ഭാഗ്യശ്രീയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവെങ്കിലും ആദ്യമൊന്നും കുറ്റം സമ്മതിക്കാൻ തയ്യാറായില്ല. പിന്നീട് ഫോൺ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഭാഗ്യശ്രീയും കാമുകനും കുടുങ്ങിയത്. പിന്നീടുള്ള വിശദമായ ചോദ്യം ചെയ്യലിൽ ഭാഗ്യശ്രീ കുറ്റം സമ്മതിച്ചെന്നു പൊലീസ് പറഞ്ഞു.

ഹനുമന്ത മംഗളൂരുവിൽ ഒരു ഹോട്ടൽ ജോലിക്കാരനായിരുന്നു. സംഭവ ദിവസം പുലർച്ചെ ഹനുമന്ത ജോലി കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ ഭാര്യക്കൊപ്പം കാമുകനെ കാണുകയായിരുന്നുവത്രേ. ഇതേ ചൊല്ലി വാക്കുതർക്കം ഉണ്ടാകുകയും ഭാര്യയും കാമുകനും ചേർന്ന് ഹനുമന്തയെ മർദ്ദിക്കുകയും ചെയ്തു. അവശനായി കട്ടിലിലേക്ക് വീണ ഹനുമന്തയെ അള്ളാസാബ് കഴുത്തുഞെരിച്ചും ഭാര്യ ഭാഗ്യശ്രീ മൂക്ക് പൊത്തിയും ശ്വാസം മുട്ടിച്ചും കൊലപ്പെടുത്തുകയായിരുന്നുവത്രേ. ഇതിനു ശേഷം കാമുകൻ മൃതദേഹം ബൈക്കിൽ കെട്ടി ഉപേക്ഷിക്കാനായി കൊണ്ടുപോയി. പിന്നാലെ ഹനുമന്തയുടെ സ്കൂട്ടറിൽ ഭാഗ്യശ്രീയും പുറപ്പെട്ടു. കുഞ്ചത്തൂർ പദവിൽ എത്തിയപ്പോൾ ഇരുവരും ചേർന്ന് മൃതദേഹം റോഡരുകിൽ ഉപേക്ഷിക്കുകയും ഹനുമന്തയുടെ സ്കൂട്ടർ സമീപത്ത് ഉപേക്ഷിച്ചു കടന്നുകളയുകയായിരുന്നു. അപകട മരണമാണെന്ന് വരുത്തി തീർക്കാനാണ് സ്കൂട്ടർ സ്ഥലത്ത് ഉപേക്ഷിച്ചതെന്നു ഭാഗ്യശ്രീ ചോദ്യം ചെയ്യലിൽ പറഞ്ഞു. പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കുമെന്ന് പൊലീസ് പറഞ്ഞു.

ഭാഗ്യശ്രീ

അള്ളാസാബ്

കെ എസ് ആർ ടി സി യുടെ കാസർകോട്-മംഗളൂരു സർവ്വീസുകൾ ആരംഭിച്ചു

കാസർകോട്: കോവിഡ് നിയന്ത്രണത്തെ തുടർന്ന് നിർത്തിവെച്ച കെ എസ് ആർ ടി സി യുടെ കാസർകോട്-മംഗളൂരു സർവ്വീസ് മാസങ്ങൾക്കു ശേഷം ഇന്നു പുനരാരംഭിച്ചു. കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ പതിനാറ് ബസ്സുകളും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷൻ 19 ബസ്സുകളുമാണ് പുനരാരംഭിച്ചത്. ഇതോടെ യാത്രക്കാർ നേരിടുന്ന ദുരിതത്തിന് താൽക്കാലിക ആശ്വാസമായി. കാസർകോട് നിന്നു കെ എസ് ആർ ടി സി ബസുകൾ തലപ്പാടി വരെ മാത്രമാണ് ഇന്നലെ വരെ സർവ്വീസ് നടത്തിയിരുന്നത്.

എന്നാൽ കോവിഡ് കുറഞ്ഞ് വരുന്ന പശ്ചാത്തലത്തിൽ ബസ് സർവ്വീസുകൾ പുനരാരംഭിക്കണമെന്ന് ആവശ്യമുയർന്ന സാഹചര്യത്തിലാണ് കേരള-കർണ്ണാടക ട്രാൻസ്പോർട്ട് അധികൃതർ ചർച്ച നടത്തി സർവ്വീസുകൾ പുനരാരംഭിക്കാൻ തീരുമാനിച്ചത്.

മംഗലാപുരത്തേക്കുള്ള ബസ് സർവീസ് പുനരാരംഭിച്ചപ്പോൾ

അന്തുക്ക